(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ, ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ മാതൃകയിൽ പദ്ധതി നടപ്പാക്കാനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നത്.

(ഡി) കേന്ദ്ര സർക്കാരിന്റെ അനുമതി കിട്ടുന്ന മുറയ്ക്ക് പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

കൊച്ചി മെട്രോ പദ്ധതിയുടെ കേന്ദ്ര അംഗീകാരം

184 (6356) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ, അംഗീകാരം ലഭ്യമാകാത്തതിന് കേന്ദ്ര സർക്കാരിന്റെ ന്യായവാദങ്ങൾ എന്തൊക്കെയാണെന്ന് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ, പ്രസ്തുത കാരണങ്ങൾ എന്താണെന്നും മെട്രോ റെയിൽ പദ്ധതികൾക്കുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

എറണാകുളം-കൊല്ലം പാസഞ്ചർ ട്രെയിൻ തിരുവനന്തപുരം വരെ നീട്ടുന്നതിന് നടപടി

185 (6357) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ആലപ്പുഴ വഴിയുള്ള എറണാകുളം-തിരുവനന്തപുരം ട്രെയിൻ യാത്രക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സീറ്റിന്റെ ലഭ്യതയ്ക്കനുസരിച്ച് ആലപ്പുഴയിൽ നിന്നും ജനശതാബ്ദിക്ക് ടിക്കറ്റ് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എറണാകുളം-കൊല്ലം പാസ്സഞ്ചർ ട്രെയിൻ കൊല്ലത്തു നിന്നും തിരുവനന്തപുരം വരെ നീട്ടുന്നതിന് റെയിൽമന്ത്രാലയവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly